# പത്രക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ പൊതു വിദ്യാഭ്യാസവകുപ്പിലെ HSA (MATHS) (MALAYALAM MEDIUM) B/T (Cat.69/2020) തസ്തികയുടെ തെരഞ്ഞെടുപ്പിനായി ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം 09.12.2021 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തുള്ള ഓഫീസിൽ വച്ച് നടത്തുവാൻ ബഹു.കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ മുന്നോടിയായിട്ടുള്ള സർട്ടിഫിക്കറ്റ് പരിശോധന അന്നേ ദിവസം രാവിലെ 8.30 AM ന് നടത്തുന്നതാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊഫൈലിലും, മൊബൈലിലും അഭിമുഖം സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്. ഇന്റർവ്യൂ മെമ്മോ, വ്യക്തി വിവരക്കുറിപ്പ് എന്നിവ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതാണ്.

കോവിഡ് 19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ഓഫീസ് പരിസരത്തു പ്രവേശിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥികൾ ഗ്ലൌസ്, മാസ്ക് , ഫെയ്സ് ഷീൽഡ് എന്നിവ ധരിച്ചുകൊണ്ട് മാത്രം ഓഫീസിൽ പ്രവേശിക്കേണ്ടതും Hand Sanitizer കൈയ്യിൽ കരുതേണ്ടതുമാണ്.

ഉദ്യോഗാർത്ഥി അസ്സൽ പ്രമാണങ്ങൾ, OTV സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖ, ഇന്റർവ്യൂ മെമ്മോ, വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ചത്, Covid സംബന്ധിച്ച ഡിക്ലറേഷൻ എന്നിവ സഹിതം ഇന്റർവ്യൂ മെമ്മോയിൽ പറയുന്ന സമയത്തും തീയതിയിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. PSC Website ലെ Interview Schedule, Anouncement Link എന്നിവ പരിശോധിക്കുക.